(സി) 1. അടിസ്ഥാന സൗകര്യ വികസനത്തിനായി 2001-05 വർഷങ്ങളിൽ 1,31,69,500 രൂപ.

2. ലാബ്, ലൈബ്രറി വികസനത്തിന് 2001-05 വർഷങ്ങളിൽ 21,91,772 രൂപ.

3. അദ്ധ്യാപക പരിശീലനം 2,70,690 രൂപ.

4. കുട്ടികൾക്കുള്ള ധനസഹായം, കലാകായിക രംഗം 55,150 രൂപ.

5. പ്രത്യേക പരിശീലനം 6,38,750 രൂപ.

6. വികലാംഗ വിദ്യാർത്ഥികൾക്കുള്ള ക്ഷേമ പ്രവർത്തനം 28,70,903 രൂപ.

7. ബുദ്ധിവൈഭവമുള്ള കുട്ടികൾക്കുള്ള ധനസഹായം 1,85,825 രൂപ.

8. സമ്പൂർണ്ണ പോഷകാഹാര പരിപാടി, പീരുമേട് തോട്ടം മേഖലയിലെ കുട്ടികൾക്ക് ഒന്നു മുതൽ പത്തു വരെ ക്ലാസ്സുകളിൽ പോഷകാഹാര പരിപാടി നടപ്പിലാക്കി. ഇതിനുവേണ്ട തുക സർക്കാർ നേരിട്ട് സിവിൽ സപ്ലൈസ് വകുപ്പിന് നൽകുന്നു.

9. തോട്ടം മേഖലയിലെ കുട്ടികൾക്ക് ആഴ്ചയിൽ അഞ്ചു കിലോ അരി വീതം 2003-04 മുതൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ സഹകരണത്തോടെ സൗജന്യമായി നൽകുന്നു.

10. സൗജന്യ പാഠ്യസാമഗ്രികളുടെ വിതരണം 2000-05 വർഷം- 92,81,471 രൂപ.

11. ഐ. ടി. (ഇൻഫർമേഷൻ) ടെക്നോളജിക്ക് 3,34,000 രൂപ. അദ്ധ്യാപക പരിശീലനം 7,00,000 രൂപ.

12. മെയിൻറനൻസ്, ഭരണ നവീകരണം 5,37,750 രൂപ.

13. അപകട ഇൻഷ്വറൻസ്

2002-03 1 ലക്ഷം രൂപ 68 കുട്ടികൾക്ക് ലഭിച്ചു.
2002-04 1 ലക്ഷം രൂപ 142 കുട്ടികൾക്ക് ലഭിച്ചു.
2004-05 1 ലക്ഷം രൂപ 67 കുട്ടികൾക്ക് ലഭിച്ചു.

14. കാളിററി ഇംപ്രൂവ്മെൻറ് പ്രോഗ്രാം

2001-02-ൽ 2,44,900 രൂപ
2004-05-ൽ 7,37,418 രൂപ

15. എസ്. എസ്. എ. പദ്ധതിയനുസരിച്ച് 2004-05-ൽ ക്ലാസ് മുറികൾ ഉണ്ടാക്കുന്നതിലേക്കായി 60 ലക്ഷം രൂപ അനുവദിച്ചു.

(ഡി) വിവിധ പ്രവർത്തനങ്ങൾക്കായി തുക അനുവദിച്ചിട്ടുള്ളത് വിവിധ വിദ്യാഭ്യാസ അധികാരികളിൽ നിന്നാണ്.

എയിഡഡ് മേഖലയിലെ മിക്സഡ് സ്കൂളുകൾ

76 [1617] ശ്രീ. ജോണി നെല്ലൂർ:
,, ഷിബു ബേബി ജോൺ:
,, ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് എയിഡഡ് മേഖലയിൽ ആൺകുട്ടികൾക്കോ പെൺകുട്ടികൾക്കോ മാത്രം പ്രവേശനം അനുവദിച്ചിട്ടുള്ള സ്കൂളുകൾ മിക്സഡ് സ്കൂളുകൾ ആക്കി മാറ്റുവാനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ആവശ്യമുന്നയിച്ചുകൊണ്ട് മാനേജ്മെന്റുകളുടെ അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എറണാകുളം റവന്യൂ ജില്ലയിൽ നിന്നും ഏതെല്ലാം സ്കൂളുകൾ ഈ ആവശ്യം ഉന്നയിച്ച് അപേക്ഷ നൽകിയിട്ടുണ്ട്; ഇതിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) ഉണ്ട്.

(സി) എറണാകുളം റവന്യൂ ജില്ലയിൽ നിന്നും സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂൾ, കൂനമ്മാവ് ഇൻഫന്റ് ജീസസ് ബോയ്സ് ഹൈസ്കൂൾ, സെന്റ് ലിറ്റിൽ തെരാസാസ് ഗേൾസ് സ്കൂൾ വാഴക്കുളം, അങ്കമാലി ഹോളി ഫാമിലി ഹൈസ്കൂൾ എന്നിവർ സമ്മിശ്രമാക്കാൻ അപേക്ഷ നൽകിയിരുന്നു. അതിൽ സെന്റ് ലിറ്റിൽ തെരാസാസ് ഗേൾസ് സ്കൂളിനും ഇൻഫന്റ് ജീസസ് ബോയ്സ് ഹൈസ്കൂളിനും സമ്മിശ്രമാക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കൂനമ്മാവ് സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂളിന്റെ അപേക്ഷ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശുപാർശ ചെയ്യാത്തതിനാൽ നിരസിച്ചിരുന്നു. അതിനെതിരെ മാനേജ്മെന്റ് കോടതിയെ സമീപിച്ചിരിക്കുകയാണ്. ഹോളിഫാമിലി ഹൈസ്കൂൾ അങ്കമാലിയുടെ അപേക്ഷയിൻമേൽ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷ തീർപ്പാക്കുന്നതാണ്.

പഞ്ചായത്ത് സ്കൂളുകളെ സർക്കാർ ഏറ്റെടുക്കാൻ നടപടി

77 [1618] ശ്രീ. എ. എ. അസീസ്:
,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്ത് സ്കൂളുകളിലെ അദ്ധ്യാപക നിയമനം എന്നു മുതൽക്കാണ് പി. എസ്. സി. മുഖേന തുടങ്ങിയതെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ സ്കൂളുകളിൽ നിന്ന് പഞ്ചായത്ത് സ്കൂളുകളിലേക്ക് അദ്ധ്യാപകർക്ക് സ്ഥലം മാറ്റം നൽകാറുണ്ടോ;

(സി) എങ്കിൽ എന്തു മാനദണ്ഡപ്രകാരമാണ് ഇപ്രകാരം സ്ഥലം മാറ്റം നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) നിയമനം സർക്കാർ ഏറ്റെടുത്തതിനുശേഷം പഞ്ചായത്ത് സ്കൂളുകളുടെ നടത്തിപ്പിൽ അപാകതകൾ സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly